എ1-490/14

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസ്
സിവിൽസ്റ്റേഷൻ, കുടപ്പനക്കുന്ന്
തിരുവനന്തപുരം-695043
**ഫോൺ** നം.04712731212
**തീയതി**: 25/01/2018

## ലേല പരസ്യം

തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നിയന്ത്രണത്തിൽ സൂക്ഷിച്ചിട്ടുള്ളതും പഞ്ചായത്ത് ഡയറക്ടറുടെ ഉടമസ്ഥതയിലുള്ളതുമായ KL 01 G 612 നമ്പർ റോഡ് റോളർ 19/03/2018 തീയതി പകൽ 12 മണിക്ക് പ്രസ്തുത ആഫീസിൽ വച്ച് പരസ്യമായി ലേലം/ടെണ്ടർ വഴി വിൽപന നടത്തുന്നതാണ്.

| നമ്പർ | ഇനം | നിർമ്മാതാവ് | എണ്ണം | വാല്യുവേഷൻ തുക | നിരതദ്രവ്യം |
|---|---|---|---|---|---|
| 1 | KL 01 G 612 നമ്പർ **റോഡ് റോളർ** (35.5 Bhp Diesel മോഡൽ-1995) | ജെസ്സോപ്പ്&കമ്പനി ലിമിറ്റഡ്, കൽക്കത്ത (വെയിറ്റ്- 8ടൺ) | 1 | 4,00,000/- | 10,000/- |

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മേൽ നിരക്കിലുള്ള നിരതദ്രവ്യം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പേരിൽ ഇന്ത്യൻ ഓവർസീസ് ബാങ്കിന്റെ മുക്കോലയ്ക്കൽ ശാഖയിലെ 07640100011649 നമ്പർ അക്കൌണ്ടിൽ അടച്ച് രസീതോ അല്ലെങ്കിൽ ടി ബാങ്കിൽ മാറാവുന്നതരത്തിൽ ഡിഡിയോ ലേലം ആരംഭിക്കുന്നതിന് ഒരു മണിക്കൂർ മുൻപായി നൽകേണ്ടതും, കൃത്യസംയത്ത് ലേല സ്ഥലത്ത് ഹാജരായിരിക്കേണ്ടതുമാണ്. ലേലത്തിൽ പങ്കെടുക്കുന്നവർ ലേലം തുടങ്ങുന്നതിനു മുൻപ് അവരുടെ തിരിച്ചറിയൽ രേഖകളും, മേൽവിലാസം തെളിയിക്കുന്ന സർട്ടിഫിക്കറ്റും ലേലം നടത്തുന്ന ഉദ്യോഗസ്ഥനെ കാണിച്ച് ബോധ്യപ്പെടുത്തേണ്ടതാണ്.

മേൽപറഞ്ഞ ലേലത്തിന് മുദ്രവെച്ച ദർഘാസുകളും സ്വീകരിക്കുന്നതാണ്. നിരതദ്രവ്യം അടച്ച ഡിഡി അടക്കം സീൽ ചെയ്ത കവറിൽ ദർഘാസ് നേരിട്ടോ തപാൽ മാർഗമോ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ തിരുവനന്തപുരം സിവിൽസ്റ്റേഷനിലെ കാര്യാലയത്തിൽ 13.03.2018 3 PM ന് മുൻപായി കിട്ടത്തക്കവിധം അയക്കേണ്ടതും, കവറിന് മുകളിൽ റോഡ് റോളർ ലേലത്തിനുള്ള ദർഘാസ് എന്ന് രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

പരസ്യലേലം കഴിഞ്ഞാൽ ദർഘാസുകൾ തുറക്കുന്നതും ലേലത്തിലോ/ടെണ്ടറിലോ ഏതിലാണോ കൂടുതൽ തുകയുള്ളത് ആയതിന് ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതുമാണ്. ലേലം കഴിഞ്ഞാൽ ഉടൻ ലേലം/ടെണ്ടർ സംഖ്യ പകുതി തുക നിരതദ്രവ്യം കഴിച്ച് ലേല സ്ഥലത്തു തന്നെ അടച്ച് രസീത് വാങ്ങേണ്ടതും ലേലം/ടെണ്ടർ സ്ഥിരപെടുത്തി ഉത്തരവ് തീയതി മുതൽ 10 ദിവസത്തിനകം ബാക്കി തുകയും നിയമാനുസൃതമായ വിൽപന നികുതിയും അടച്ച് സ്വന്തം ചെലവിൽ ലേല വസ്തു (റോഡ് റോളർ) കൊണ്ടുപോകേണ്ടതുമാണ്.

ഏതെങ്കിലും കാരണവശാൽ ലേലം/ടെണ്ടർ സ്ഥിരപ്പെടുത്തുന്നയാൾ ലേല നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ബന്ധപ്പെട്ടയാളുടെ നിരതദ്രവ്യം സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും, ലേല വസ്തുവകകൾ പുനർലേലം ചെയ്യുന്നതുമാണ്. പുനർലേലത്തിൽ സർക്കാരിന് എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയതിന് ആദ്യം ലേലം കൊണ്ടയാൾ ഉത്തരവാദിയായിരിക്കും. നഷ്ടപ്പെട്ട തുക ടിയാനിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കുന്നതുമായിരിക്കും. പുനർലേലത്തിൽ കൂടുതൽ തുക ലഭിച്ചാൽ ടിയാൻ അതിന് അവകാശിയായിരിക്കുന്നതുമല്ല.

മേൽ പറഞ്ഞ ലേല തീയതിയുടെ തൊട്ട് മുൻപുള്ള 10 പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അനുമതിയോടെ റോഡ് റോളർ പരിശോധിക്കാവുന്നതാണ്.

യാതൊരു മുന്നറിയിപ്പോ, കാരണമോ കൂടാതെ ലേലം മാറ്റിവെക്കുന്നതിനോ, റദ്ദ് ചെയ്യുന്നതിനോ ഉള്ള അധികാരം തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് ഉണ്ടായിരിക്കും. ലേലം സംബന്ധിച്ച് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

DEPUTY DIRECTOR OF PANCHAYATS • THIRUVANANTHAPURAM • CIVIL STATION, KUDAPPANAKUNNU • PHONE NO: 0471-2731212

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
തിരുവനന്തപുരം